മറ്റിതര വകുപ്പുകൾ (ഹൈക്കോടതി ഉൾപ്പെടെ) എന്നീ വകുപ്പുകളിൽ നിന്നുമാണ് നികത്തേണ്ടത്. ഇതിൽ 60 ശതമാനം ഒഴിവുകൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽനിന്നും 40 ശതമാനം ഒഴിവുകൾ മറ്റു വകുപ്പുകളിൽനിന്നുമാണ് നികത്തുന്നത്. ഇക്കാരണം കൊണ്ടാണ് 6-10-1995-ൽ ഗവൺമെന്റ് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഈ രണ്ടു വിഭാഗങ്ങളേയും രണ്ടായി കാണിച്ചിട്ടുള്ളത്. ഇതിൽ നിയമവിരുദ്ധമായി യാതൊന്നുമില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ പറയുന്ന റൊട്ടേഷൻ അനുസരിച്ചു മാത്രമേ നിയമനം നടത്തുകയുള്ളൂ.

പഞ്ചായത്ത് ഓഡിറ്റ്

41 [1610] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95 വർഷം വരെയുള്ള വാർഷിക കണക്കുകളും ഡി. സി. ബി. കണക്കുകളും എത്ര പഞ്ചായത്തുകളിൽ ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്;

(ബി) കണക്കുകൾ യഥാസമയം ഓഡിറ്റിനു നൽകാത്ത പഞ്ചായത്തുകളുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 425 പഞ്ചായത്തുകൾ ഓഡിറ്റിനായി കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിനു സമർപ്പിച്ചിട്ടുണ്ട്. എത്ര പഞ്ചായത്തുകളിൽ ഓഡിറ്റ് പൂർത്തിയായി കഴിഞ്ഞിട്ടുണ്ട് എന്ന വിവരം ശേഖരിച്ചു വരുന്നു.

(ബി) കണക്കുകൾ ഓഡിറ്റിനു നൽകാത്ത പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 31-3-1996-നകം കണക്കുകൾ നൽകാത്ത പഞ്ചായത്തു സെക്രട്ടറിമാർക്കെതിരേ നിയമാനുസൃത അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്.

മാളയിലെ യഹൂദ സ്മാരകങ്ങൾ സംരക്ഷിക്കുന്നതു സംബന്ധിച്ച കരാർ

42 [1611] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിൽനിന്ന് യഹൂദർ ഇസ്രയേലിലേക്ക് പോയ അവസരത്തിൽ സ്മാരകങ്ങളായ സിനഗോഗും ശ്മശാനവും സംരക്ഷിക്കുന്ന കാര്യത്തിൽ പഞ്ചായത്തധികൃതരുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) കരാർ ലംഘനം സംബന്ധിച്ച് ഹൈക്കോടതി നൽകിയ ഉത്തരവിന്റെ വിവരങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly